2026
MAY
20
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യ–സ്വീഡൻ സംയുക്ത ആക്ഷൻ പ്ലാനിന് അംഗീകാരം



**ന്യൂഡൽഹി:** തന്ത്രപരമായ പങ്കാളിത്തം പ്രവർത്തനക്ഷമമാക്കുന്നതിന് രാഷ്ട്രീയ, സാമ്പത്തിക, സാങ്കേതിക, സുരക്ഷ, കാലാവസ്ഥ, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നീ മേഖലകളിലെ സഹകരണത്തിന് സമഗ്രമായ റോഡ്മാപ്പ് നൽകുന്ന ഇന്ത്യ-സ്വീഡൻ സംയുക്ത ആക്ഷൻ പ്ലാൻ 2026–2030 ന് അംഗീകാരം. സ്വീഡനിലെ ഗോഥെൻബർഗിൽ പ്രധാനമന്ത്രി ഉൽഫ് ക്രിസ്റ്റേഴ്സണുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ ഉഭയകക്ഷി ചർച്ചയിലാണ് ഇരു നേതാക്കളും ഇതിന് അംഗീകാരം നൽകിയത്. ഇന്ത്യ-സ്വീഡൻ ബന്ധങ്ങളുടെ സംപൂർണ വ്യാപ്തി നേതാക്കൾ അവലോകനം ചെയ്യുകയും വ്യാപാരം, നിക്ഷേപം, നവീകരണം, ഹരിത പരിവർത്തനം, ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, പ്രതിരോധം, സുരക്ഷ, ഡിജിറ്റൽ വത്ക്കരണം, ചെറുകിട ഇടത്തരം സംരംഭങ്ങൾ, ബഹിരാകാശം, ഗവേഷണം, വിദ്യാഭ്യാസം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള വിനിമയം എന്നീ മേഖലകളിലുടനീളമുള്ള ഉഭയകക്ഷി ബന്ധങ്ങളിൽ വർധിച്ചുവരുന്ന വേഗത എന്നിവയും ചർച്ചയിൽ ഇരുവരും അംഗീകരിച്ചു. വികസിച്ചുകൊണ്ടിരിക്കുന്ന പങ്കാളിത്തത്തെ നയിക്കുന്നതിന് പതിവായി ഉന്നത തല രാഷ്ട്രീയ ഇടപെടലുകളും സ്ഥാപനപരമായ സംഭാഷണങ്ങളും നിലനിർത്തേതിന്റെ പ്രാധാന്യം ഇരുവരും ചൂണ്ടിക്കാട്ടി.

ഇന്ത്യ-സ്വീഡൻ ബന്ധത്തെ തന്ത്രപരമായ പങ്കാളിത്തത്തിന്റെ തലത്തിലേക്ക് ഉയർത്താനും ചർച്ചയിൽ തീരുമാനമായി. സ്ഥിരതയ്ക്കും സുരക്ഷയ്ക്കുമുള്ള തന്ത്രപരമായ സംഭാഷണം, അടുത്ത തലമുറ സാമ്പത്തിക പങ്കാളിത്തം, ഉയർന്നുവരുന്ന സാങ്കേതികവിദ്യകളും വിശ്വസനീയമായ കണക്റ്റിവിറ്റിയും, ഒരുമിച്ച് നാളെയെ രൂപപ്പെടുത്തൽ . ജനങ്ങൾ, ഭൂമി, ആരോഗ്യം, പ്രതിരോധശേഷി എന്നീ നാല് തൂണുകളാണ് തന്ത്രപരമായ പങ്കാളിത്തത്തെ നയിക്കുക. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ സാമ്പത്തിക, വാണിജ്യ ബന്ധങ്ങളിൽ ഒരു പുതിയ അധ്യായം തുറന്നിട്ടുണ്ടെന്നും വ്യാപാരം, നിക്ഷേപം, സാങ്കേതിക മേഖലയിലെ ബന്ധങ്ങൾ കൂടുതൽ ആഴത്തിലാക്കുന്നതിന് കരാർ എത്രയും വേഗം നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുമെന്നും ഇരു നേതാക്കളും വ്യക്തമാക്കി. നവീകരണം, ശുദ്ധമായ സാങ്കേതികവിദ്യകൾ, നൂതന ഉൽപ്പാദനം, സുസ്ഥിര മൊബിലിറ്റി, ഡിജിറ്റൽ പരിവർത്തനം എന്നിവയുൾപ്പെടെയുള്ള തന്ത്രപരമായ മേഖലകളിൽ ഇന്ത്യയുമായുള്ള സ്വീഡന്റെ തുടർച്ചയായ ഇടപെടലിനെ പ്രധാനമന്ത്രി മോദി അഭിനന്ദിച്ചു. ഡിജിറ്റൽ പരിവർത്തനം, കൃത്രിമ ബുദ്ധി എന്നീ മേഖലകളിൽ ഇന്ത്യ നടത്തുന്ന മുന്നേറ്റങ്ങളെ പ്രധാനമന്ത്രി ക്രിസ്റ്റേഴ്സൺ അഭിനന്ദിച്ചു. പരസ്പര താൽപ്പര്യമുള്ള പ്രധാന പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ചും നേതാക്കൾ കാഴ്ചപ്പാടുകൾ കൈമാറി. ഐക്യരാഷ്ട്രസഭയും മറ്റ് ബഹുരാഷ്ട്ര സംഘടനകളും പരിഷ്കരിക്കേതിന്റെ അടിയന്തിര ആവശ്യവും ഇരുവരും ചർച്ചയിൽ ഉയർത്തിക്കാട്ടി.

# മഴക്കാലപൂർവ ശുചീകരണം: അവലോകന യോഗം ഇന്ന്

**കൊച്ചി:** ജില്ലയിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട വകുപ്പുകളുടെ അവലോകന യോഗം ഇന്ന് കാക്കനാട് കളക്ടറേറ്റിൽ ചേരും. ഓരോ തദ്ദേശ സ്ഥാപനവും കൈക്കൊണ്ട നടപടികൾ യോഗം വിശദമായി വിലയിരുത്തും.

വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകൾ വൃത്തിയാക്കുന്നതിനും കനാലുകളിലെ ഒഴുക്ക് സുഗമമാക്കുന്നതിനും പ്രത്യേക മുൻഗണന നൽകാനും. ഹരിതകർമ്മ സേനയുടെ സഹായത്തോടെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ജലാശയങ്ങൾക്ക് സമീപമുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ വെള്ളപ്പൊക്ക ഭീഷണി കണക്കിലെടുത്ത് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തിയാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു.

ജില്ലയിലെ സ്കൂളുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി പ്രത്യേക ശുചീകരണ യജ്ഞം സംഘടിപ്പിക്കണം. അതിഥി തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ ശുചിത്വം ഉറപ്പാക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർ പ്രത്യേക ശ്രദ്ധ പുലർത്തണം. ഹോട്ട് സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെയും ഹരിതകർമ്മ സേനയുടെയും നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിരുന്നു.

ശുചീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് 30,000 രൂപയും നഗരസഭകൾക്ക് 40,000 രൂപയും കോർപ്പറേഷന് 60,000 രൂപയും വരെ തനത് ഫണ്ടിൽ നിന്ന് ചെലവാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

അയൽക്കൂട്ടങ്ങളെയും വാർഡ് തല ശുചിത്വ സമിതികളെയും ഏകോപിപ്പിച്ചു കൊണ്ട് ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. മികച്ച രീതിയിൽ ശുചീകരണത്തിൽ ഏർപ്പെടുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക പ്രോത്സാഹനം നൽകാനും പദ്ധതിയുണ്ട്.

# കേരളത്തിൽ ഇന്ധനക്ഷാമം ഇല്ല: പൊതുമേഖലാ എണ്ണക്കമ്പനികൾ




**കൊച്ചി:** കേരളത്തിലുടനീളം എല്ലാ ഇന്ധന പമ്പുകളിലും ആവശ്യത്തിന് പെട്രോളിന്റെയും ഡീസലിന്റെയും ശേഖരം ലഭ്യമാണെന്ന് പൊതുമേഖലാ എണ്ണ വിപണന കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നിവർ വ്യക്തമാക്കി.

ടെർമിനലുകളും ഡിപ്പോകളും മുതൽ ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ വരെ സംസ്ഥാനത്തെ മുഴുവൻ ഇന്ധന വിതരണ ശൃംഖലയും യാതൊരു തടസ്സവുമില്ലാതെ സാധാരണ നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് കേരളത്തിലെ എണ്ണ വ്യവസായ മേഖല സംസ്ഥാനതല കോർഡിനേറ്റർ ഗീതിക മെഹ്ത വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. സംസ്ഥാനത്തുടനീളം ഇന്ധന വിതരണം നിരന്തരം നിരീക്ഷിച്ചുവരികയാണെന്നും ആവശ്യാനുസരണം എണ്ണശേഖരം എത്തിക്കുന്ന പ്രവർത്തനങ്ങൾ സുഗമമായി പുരോഗമിക്കുകയാണെന്നും അവർ അറിയിച്ചു. പൊതുമേഖലാ എണ്ണക്കമ്പനികളുടെ എല്ലാ പമ്പുകളും സാധാരണ നിലയിലാണ് പ്രവർത്തിക്കുന്നതെന്നും കേരളത്തിലെ ഉപഭോക്താക്കളുടെ ഇന്ധന ആവശ്യങ്ങൾ നിറവേറ്റാൻ അവ പൂർണസജ്ജമാണെന്നും അവർ കൂട്ടിച്ചേർത്തു. ആശങ്ക മൂലം അനാവശ്യമായി ഇന്ധനം വാങ്ങിക്കൂട്ടുകയോ അധികമായി ശേഖരിക്കുകയോ ചെയ്യരുതെന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കേരളത്തിലെ ജനങ്ങൾക്ക് തടസ്സമില്ലാതെ ഇന്ധന വിതരണം ഉറപ്പാക്കാൻ എണ്ണക്കമ്പനികൾ പൂർണസജ്ജരാണെന്നും വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. മേഖലയിലുടനീളം തടസ്സമില്ലാത്ത ഇന്ധനലഭ്യത ഉറപ്പാക്കുന്നതിന് ലോജിസ്റ്റിക്സ്, എണ്ണശേഖര നീക്കങ്ങൾ, ചില്ലറ വിൽപന പ്രവർത്തനങ്ങൾ എന്നിവ എണ്ണ വ്യവസായ മേഖല സൂക്ഷ്മമായി ഏകോപിപ്പിച്ചു വരികയാണ്. പൊതുജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്നും സാധാരണ നിലയിൽ ഇന്ധന ഉപഭോഗം തുടരാമെന്നും അധികൃതർ അറിയിച്ചു.

# സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം 25 മുതൽ

**തിരുവനന്തപുരം:** മേയ് മാസത്തെ സാമൂഹ്യ സുരക്ഷ ക്ഷേമ നിധി ബോർഡ് പെൻഷൻ ഈ മാസം 25 മുതൽ വിതരണം ചെയ്യും. ഇതിനായി 1070 കോടി രൂപ അനുവദിച്ചതായി മുഖ്യമന്ത്രി അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** പുസ്തകം പ്രകാശിപ്പിക്കൽ വൈകിട്ട് 5.30ന് , 6.30 ന് എൻ സി മമ്മൂട്ടി സ്മാരക സമിതി സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം, പുരസ്കാരസമർപ്പണം.
■ **പാലാരിവട്ടം പിഒസി :** കെസിബിസി മീഡിയ കമീഷൻ സംഘടിപ്പിക്കുന്ന നാടക ശിൽപ്പശാല വൈകിട്ട് 6ന്.
■ **വല്ലാർപാടം ബസിലിക്ക :** പന്തക്കോസ്ത തിരുനാൾ - രാവിലെ 6ന്, തിരുകർമങ്ങളിൽ വരാപ്പുഴ അതിരൂപത ചാൻസലർ ഫാ. എബിജിൻ അറയ്ക്കൽ, ഫാ. സെൽവൻ ലാസർ, ഫാ. പോൾസൺ സിമേന്തി, വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമറ്റം എന്നിവർ മുഖ്യകാർമികരാവും.
■ **എറണാകുളം സെയ്ന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ അങ്കണം :** ക്രിസ്റ്റോഗ്രാഫ് ബുക്ക്ഫെസ്റ്റ് രാവിലെ 10.30ന് വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്യും.

### കോതമംഗലം

■ **എം.എ എൻജിനീയരിങ് കോളെജ് ഓഡിറ്റോറിയം :** അധ്യയന വർഷം തുടങ്ങുന്നതിനു മുന്നോടിയായി മോട്ടർവാഹന വകുപ്പ് താലൂക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയും ഡ്രൈവർമാർക്കു റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസും രാവിലെ 9.30ന്.

### കാലടി

■ **കാലടി കൈപ്പട്ടൂർ ബോസ്കോ ഹാൾ :** ശ്രീശങ്കര നൃത്തസംഗീതോത്സവത്തിന്റെ ഭാഗമായി വൈകിട്ട് 5ന് പി ബി രേഷ്മയുടെ ഭരതനാട്യം, 6ന് ഹവായിയൻ ഹുല നൃത്തം, മോഹിനിയാട്ടം ജുഗൽബന്ദി, 6.30ന് ഭരതനാട്യം, 7ന് കുച്ചിപ്പുടി.

# യു.ഐ.ഡി.എ.ഐ ആധാർ സേവാ കേന്ദ്രം തൃശ്ശൂരിൽ തുടങ്ങി



**തൃശ്ശൂർ:** യൂണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ (യു.ഐ.ഡി.എ.ഐ) പുതിയ ആധാർ സേവാ കേന്ദ്രം തൃശ്ശൂരിലെ പാട്ടുരായ്ക്കലിൽ പ്രവർത്തനമാരംഭിച്ചു. തൃശ്ശൂർ ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഐഎഎസ് ആധാർ സേവാ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തൃശ്ശൂരിലെ ആധാർ സേവാ കേന്ദ്രം, പൊതുജനങ്ങൾക്ക് തടസ്സമില്ലാത്ത ആധാർ അനുബന്ധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 8 പ്രവർത്തന കിറ്റുകളോടെ സജ്ജീകരിച്ചിരിക്കുന്ന ഒരു മോഡൽബി കേന്ദ്രമാണ്. പുതിയ ആധാർ എന്റോൾമെന്റ്, ഡെമോഗ്രാഫിക്ബയോമെട്രിക് പുതുക്കലുകൾ, പിശക് തിരുത്തൽ, പരാതി പരിഹാര സേവനങ്ങൾ എന്നിവയെല്ലാം ഒരൊറ്റ മേൽക്കൂരയ്ക്ക് കീഴിൽ ഈ ആധാർ സേവാ കേന്ദ്രം വാഗ്ദാനം ചെയ്യുന്നു. പൊതുഅവധി ഒഴികെയുള്ള എല്ലാ ദിവസവും ഈ ആധാർ സേവാ കേന്ദ്രം പ്രവർത്തിക്കുന്നതാണ്. അതുവഴി, പൊതുജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ സേവനങ്ങൾ ലഭ്യമാക്കുകയും അവരുടെ സൗകര്യവും മികച്ച സേവനാനുഭവവും ഉറപ്പാക്കുകയും ചെയ്യുന്നു. വരും മാസങ്ങളിൽ, കേരളത്തിലെ ശേഷിക്കുന്ന ജില്ലകളിൽ 12 യു.ഐ.ഡി.എ.ഐ ആധാർ സേവാ കേന്ദ്രങ്ങൾ കൂടി ആരംഭിക്കാൻ ബംഗളൂരുവിലെ യു.ഐ.ഡി.എ.ഐ റീജിയണൽ ഓഫീസ് പദ്ധതിയിടുന്നുണ്ട്. 2026 സെപ്റ്റംബറോടെ കേരളത്തിലെ മൊത്തം ആധാർ സേവാ കേന്ദ്രങ്ങളുടെ എണ്ണം 14 ആയി ഉയർത്തും. ആധാർ സേവാ കേന്ദ്രങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്നത് യുഐഡിഎഐ ആണ്.

# എച്ച്എൽഎൽന്റെ വജ്ര ജൂബിലി സമ്മാനം; കുടിവെള്ളം മുതൽ പ്രകൃതി സൗഹൃദ നാപ്കിനുകൾ




**തിരുവനന്തപുരം:** എല്ലാവരെയും ഉൾക്കൊള്ളുന്നതും, താങ്ങാനാവുന്നതും, ഗുണനിലവാരമുള്ളതുമായ ആരോഗ്യപരിരക്ഷ എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വീക്ഷണം എച്ച്എൽഎൽ ലൈഫ് കെയർ യാഥാർത്ഥ്യമാക്കുന്നതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ . കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരത്തുള്ള എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡിന്റെ വജ്ര ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ. എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് നടപ്പിലാക്കുന്ന അമൃത് ഫാർമസിയിലൂടെ അർബുദ മരുന്നുകൾ അടക്കമുള്ളവ 50 ശതമാനം വിലക്കുറവിൽ നൽകാൻ സാധിക്കും. പുരോഗമനപരവും ഗവേഷണാധിഷ്ഠിതവുമായ സംരംഭങ്ങളിലൂടെ എച്ച്എൽഎൽ സമൂഹത്തിലെ വിടവുകൾ നികത്തുന്നതായും സെക്രട്ടറി അഭിപ്രായപ്പെട്ടു. ഓപ്പറേഷൻ സിന്ദൂർ, കൊവിഡ് അടക്കമുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിതരണം സുഗമമാക്കാൻ എച്ച്എൽഎൽ നിർണായക പങ്ക് വഹിച്ചതായും പുണ്യ ശ്രീവാസ്തവ ചൂണ്ടിക്കാട്ടി. എച്ച്എൽഎലിന്റെ സുതാര്യത, സത്യസന്ധത, സമർപ്പണബോധം എന്നിവ ഈ നിലയിൽ തന്നെ തുടരും എന്ന് പ്രതീക്ഷിക്കുന്നതായും സെക്രട്ടറി പറഞ്ഞു. രാജ്യത്തിന്റെ മുഴുവൻ വിശ്വസ്തമായ ഒരു പങ്കാളിയായി സ്ഥാപനം മാറണം. സ്വസ്ത് ഭാരത് വികസിത് ഭാരത് സംരംഭത്തിൽ എച്ച്എൽഎൽ അംഗങ്ങൾ പ്രധാന പങ്കാളിയാകണം. എച്ച്എൽഎൽ 60 വർഷം പൂർത്തിയാക്കിയത് അനുസ്മരിച്ച് സ്മരണിക നാണയവും അവർ പുറത്തിറക്കി. ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെ സാങ്കേതിക വിദ്യാ കൈമാറ്റത്തിലൂടെ പുനരാരംഭിക്കുന്ന ഹൈഡ്രോസെഫലിസ് ഷ്, മാനസികാരോഗ്യത്തിന് ഊന്നൽ നൽകുന്ന എച്ച്എൽഎൽ പരിവർത്തൻ വെൽനസ് ക്ലിനിക്ക്, എച്ച്എൽഎൽ കുടിവെള്ളം, സസ്യാധിഷ്ഠിത വസ്തുക്കളിൽ നിന്ന് വികസിപ്പിച്ച ഹാപ്പി ഡേയ്സ് കമ്പോസ്റ്റബിൾ സാനിറ്ററി നാപ്കിൻ എന്നിവയുടെ സമാരംഭവും ചടങ്ങിന്റെ സവിശേഷതയായിരുന്നു. സുസ്ഥിര വികസനം, പൊതുജനാരോഗ്യം, താങ്ങാനാവുന്ന ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുന്നതാണ് ഈ സംരംഭങ്ങൾ. തിരുവനന്തപുരത്തെ എച്ച്എൽഎല്ലിന്റെ ആക്കുളം ഫാക്ടറിയിൽ നവീകരിച്ച മെൻസ്ട്രൽ കപ്പ് നിർമ്മാണ സൗകര്യത്തിന്റെ ഉദ്ഘാടനവും കേന്ദ്ര ആരോഗ്യ സെക്രട്ടറി നിർവഹിച്ചു. സാങ്കേതിക വികസനം, ഗവേഷണം എന്നിവയിലെ സഹകരണ ശ്രമങ്ങളെ ശക്തിപ്പെടുത്തുന്നതിനായി എച്ച്എൽഎല്ലും ഐഐടി ബോംബെയും ഐഐടി മദ്രാസും തമ്മിലുള്ള ധാരണാപത്രങ്ങളുടെ (എംഒയു) കൈമാറ്റത്തിനും പരിപാടി സാക്ഷ്യം വഹിച്ചു. എച്ച്എൽഎൽ ചെയർപേഴ്സൺ ആൻഡ് മാനേജിംഗ് ഡയറക്ടർ ഡോ.അനിത തമ്പി, മാർക്കറ്റിംഗ് ഡയറക്ടർ അജിത് എൻ, ഫിനാൻസ് ഡയറക്ടർ രമേഷ് പി, ടെക്നിക്കൽ ആന്റ് ഓപ്പറേഷൻസ് ഡയറക്ടർ ബെന്നി ജോസഫ് എന്നിവർ പങ്കെടുത്തു.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം ജില്ലയിലെ വിമുക്തി ഡി അഡിക്ഷൻ സെന്ററിലെ മെഡിക്കൽ ഓഫീസറുടെ ഒഴിവിലേക്കും ജില്ലാ മാനസികാരോഗ്യ പരിപാടിയിലെ സ്റ്റാഫ് നഴ്സിംഗ് ഒഴിവിലേക്കും താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സൈക്യാട്രിസ്റ്റ് തസ്തികയ്ക്ക് എംബിബിഎസ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയും, സൈക്യാട്രിയിൽ പി.ജി. യോഗ്യതയ്ക്ക് മുൻഗണനയും ട്രാവൻകൂർ കൊച്ചി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ഉണ്ടായിരിക്കണം. സ്റ്റാഫ് നഴ്സ് തസ്തികയ്ക്ക് ജിഎൻഎം/ബി.എസ്.സി നഴ്സിംഗ് യോഗ്യതയും കെ.എൻ.എം.സി രജിസ്ട്രേഷനും ഉണ്ടായിരിക്കണം. 18 മുതൽ 43 വയസു വരെയുള്ളവർക്കാണ് അവസരം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് 26-ന് രാവിലെ 11 ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറിന്റെ ചേമ്പറിൽ നടക്കുന്ന വാക്ക്-ഇൻ-ഇന്റർവ്യൂവിനായി അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. ഫോൺ: 0484-2360802. ഇമെയിൽ: dmohekmoffice@gmail.com

## വാക്ക് ഇൻ ഇൻറർവ്യൂ

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എ ആർ ടി സെന്ററിലേക്ക് മെഡിക്കൽ ഓഫീസറുടെ തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി മെയ് 26 രാവിലെ 11ന് വാക്ക് ഇൻറർവ്യൂ നടക്കും. കമ്പ്യൂട്ടർ പരിജ്ഞാനവും എം എസ് ഓഫീസ്, ഇൻറർനെറ്റ്, ഇലക്ട്രോണിക് മെയിൽ എന്നിവയിൽ പ്രാവീണ്യവും ഉള്ള എംബിബിഎസ് ബിരുദധാരികൾക്കാണ് അവസരം. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവരായിരിക്കണം. ഫോൺ: 0484-2386000

# വിവരാവകാശ കമ്മീഷൻ സിറ്റിംഗ്; പരിഗണിച്ച 28 കേസുകളും തീർപ്പാക്കി

**തിരുവനന്തപുരം:** സംസ്ഥാന വിവരാവകാശ കമ്മീഷൻ സിറ്റിംഗിൽ പരിഗണിച്ച 28 പരാതികളിലും തീർപ്പ്. സംസ്ഥാന വിവരാവകാശ കമ്മീഷണർ സോണിച്ചൻ പി. ജോസഫിന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന സിറ്റിംഗിൽ പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ നിന്നുള്ള പരാതികളാണ് ഇരുവിഭാഗങ്ങളെയും കേട്ട ശേഷം പരിഹരിച്ചത്. കക്ഷികളും എതിർകക്ഷികളായ ഉദ്യോഗസ്ഥരും സിറ്റിംഗിൽ നേരിട്ട് ഹാജരായിരുന്നു. ആരോഗ്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വന്ന മൂന്ന് കേസുകളിലാണ് കമ്മീഷൻ പ്രധാന ഇടപെടൽ നടത്തിയത്. ആരോഗ്യ സർവ്വകലാശാലയിൽ രണ്ട് അപ്പീൽ അധികാരികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വിവരാവകാശ നിയമപ്രകാരം ഇതിന്റെ നിയമസാധുതകൾ പരിശോധിച്ച് ഉചിതമായ നടപടി എടുക്കുമെന്നും കമ്മീഷൻ അറിയിച്ചു. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് വന്ന പരാതികളിൽ പലരും ദിവസങ്ങളോളം നീളുന്ന സി.സി.ടി.വി ദൃശ്യങ്ങളാണ് ആവശ്യപ്പെടുന്നത്. ഇത്രയും ദൈർഘ്യമേറിയ ദൃശ്യങ്ങൾ നൽകുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് അപേക്ഷകരെ ബോധ്യപ്പെടുത്തിയതായും കൃത്യമായ സമയവും തീയതിയും രേഖപ്പെടുത്തിയ ചെറിയ കാലയളവിലെ ദൃശ്യങ്ങൾ ആവശ്യപ്പെട്ടാൽ അത് നൽകാൻ പോലീസിന് നിർദ്ദേശം നൽകുമെന്നും കമ്മീഷൻ പറഞ്ഞു.

# ഹാജിമാരെ പുണ്യഭൂമിയിലേക്ക് യാത്രമാക്കി കൊച്ചി ഹജ്ജ് ക്യാമ്പ് സമാപിച്ചു

## മുഖ്യമന്ത്രിയും, മന്ത്രിമാരും ആശംസകൾ നേർന്നു

**തിരുവനന്തപുരം:** സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് കീഴിൽ 2026 ഹജ്ജിനുള്ള അവസാന വിമാനം കൊച്ചി എമ്പാർക്കേഷനിൽ നിന്നും മെയ് 19ന് പുലർച്ചെ 1.05ന് ജിദ്ദയിലേക്ക് യാത്രയായി. അവസാന ദിവസത്തെ ഹാജിമാർക്കുള്ള യാത്രാ സംഗമ വേദിയിലെ സമാപന സമ്മേളനത്തിൽ ഓൺ ലൈനായി കേരള മുഖ്യമന്ത്രി വി.ഡി. ശതീശൻ, മന്ത്രിമാരായ എൻ. ഷംസുദ്ദീൻ, വി.ഇ.അബ്ദുൽ ഗഫൂർ എന്നിവർ ഹാജിമാർക്ക് ആശംസകൾ നേർന്നു. കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖാന്തിരം കൊച്ചി എംബാർക്കേഷൻ പോയിൻറിൽ നിന്നും 30.04.2026 മുതൽ 19.05.2026 വരെ 21 വിമാനങ്ങളിലായി ആകെ 8341 ഹാജിമാർ യാത്രയായി. ഇതിൽ 2849 പുരുഷന്മാരും 5492 സ്ത്രീകളുമാണ്. ഇതിൽ 6 വിമാനങ്ങൾ വിത്തൌട്ട് മഹറം കാറ്റഗറിയിൽ പെട്ട സ്ത്രീ ഹജ്ജുമ്മമാർ മാത്രമായിരുന്നു. ലക്ഷദ്വീപിൽ നിന്നു 106 ഹാജിമാരും, തമിഴ്നാടിൽ നിന്ന് 262 ഉം, കർണാടകയിൽ നിന്ന് 17 ഉം, പോണ്ടിച്ചേരിയിൽ നിന്ന് (മാഹി) 12 ഉം, യൂ.പി യിൽ നിന്നുള്ള 03 ഹാജിമാരും യാത്രയായി.

ഇന്നലെ രാത്രി 12.35-നും 01:05 നുമുള്ള (19.05.2026 12.35 AM & 01:05 AM) രണ്ട് വിമാനങ്ങളിലായി 217 ഷോർട്ട് ഹജ്ജ് വിഭാഗത്തിലുള്ള ഹാജിമാരാണ് യാത്ര തിരിച്ചത്. ഇതിൽ ലക്ഷദ്വീപിൽ നിന്നുമുള്ള 2 ഹാജിമാരും തമിഴ്നാടിൽ നിന്ന് 23 ഉം, കർണാടകയിൽ നിന്ന് 05 ഹാജിമാരും ഉണ്ട്.

ഈ വർഷം മുതൽ പുതുതായി ആരംഭിച്ച ഷോർട് ഹജ്ജിനു മെയ് 17 മുതൽ 19 തീയതി വരെ നാല് ഫ്ളൈറ്റുകളിലായി 1061 ഹാജിമാർ ആണ് പുറപ്പെട്ടത്. ഇതിൽ 533 പുരുഷ ഹാജിമാരും 528 സ്ത്രീ ഹാജിമാരും ആണുണ്ടായിരുന്നത്.

ഷോർട് ഹജ്ജ് അടക്കം ആകെ 8341 ഹാജിമാർ ആണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖാന്തിരം കൊച്ചി എംബാർക്കേഷൻ പോയിൻറിൽ നിന്നും പുറപ്പെട്ടത്. ഫ്ളൈനാസ് എയർ വേയ്സ് ആണ് കൊച്ചിയിൽ നിന്നും യാത്രക്കായുള്ള വിമാനങ്ങൾ സജ്ജീകരിച്ചത്.

സമാപന സമ്മേളനം ചെയർമാൻ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് ഉദ്ഘാടനം ചെയ്തു. ഹജ്ജ് കമ്മിറ്റി അംഗങ്ങളായ നൂർ മുഹമ്മദ് നൂർഷാ, അഡ്വ. പി. മൊയ്തീൻ കുട്ടി ഹാജി, മുഹമ്മദ് സക്കീർ ഈരാറ്റുപേട്ട, ഷംസുദ്ദീൻ അരിഞ്ചിറ, സിയാൽ എയർപോർട്ട് ഡയറക്ടർ ജി. മനു എന്നിവർ പ്രസംഗിച്ചു.

തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, എച്ച്.മുസമ്മിൽ ഹാജീ, ഫ്ളൈനാസ് സ്റ്റേഷൻ ഹജ്ജ് ഓപ്പറേഷൻ മാനേജർ ഹനി, ഹജ്ജ് നോഡൽ ഓഫീസർ പി.കെ. അസ്സയിൻ എന്നിവരെയും സെൽ ഉദ്യോഗസ്ഥരെയും സന്നദ്ധ സേവകരെയും ചടങ്ങിൽ ആദരിച്ചു. ഹജ്ജ് ക്യാമ്പ് വിജയത്തിനായി ക്യാമ്പിൽ പ്രവർത്തനങ്ങളിലേർപ്പെട്ട വിവിധ ഏജൻസികളെയും, ഡിപ്പാർട്ട്മെന്റുകളെയും ഹജ്ജ് കമ്മിറ്റി അഭിനന്ദിച്ചു.

കേരളത്തിലെ മറ്റു എംബാർക്കേഷൻ പോയിന്റുകളായ കണ്ണൂരിൽ നിന്നും 4519 പേരും, കോഴിക്കോട് നിന്നും 968 പേരുമാണ് ഹജ്ജിന് ഇതിനകം യാത്രയായത്. മൊത്തം 13828 പേർ ഹജ്ജിന് യാത്രയായി.

# കാലവർഷം ശക്തമാകുന്നു:

## അപകടഭീഷണിയുള്ള മരങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റാൻ ജില്ലാ കളക്ടറുടെ ഉത്തരവ്

**കൊച്ചി:** കാലവർഷം ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ അപകടഭീഷണിയുള്ള മരങ്ങളും മരശിഖരങ്ങളും അടിയന്തരമായി മുറിച്ചുമാറ്റാൻ എറണാകുളം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ കളക്ടറുമായ ജി. പ്രിയങ്ക ഉത്തരവിട്ടു.

ജില്ലയിലെ സ്കൂളുകൾ, സർക്കാർ ഓഫീസുകൾ, പൊതുസ്ഥലങ്ങൾ, സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങൾ എന്നിവിടങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന നിരവധി മരങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി. ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുള്ളതിനാൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ മരശിഖരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റണം.

ജില്ലയിലെ എല്ലാ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളിലെ അപകടകരമായ മരങ്ങളും ശിഖരങ്ങളും കണ്ടെത്തി അടിയന്തര നടപടി സ്വീകരിക്കണം. സ്വകാര്യ ഭൂമികളിൽ അപകടഭീഷണിയുണ്ടാക്കുന്ന മരങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ട ഉടമകൾക്ക് തദ്ദേശസ്ഥാപനങ്ങൾ നോട്ടീസ് നൽകണം. നിർദേശം പാലിക്കാത്ത പക്ഷം തദ്ദേശസ്ഥാപനങ്ങൾ നേരിട്ട് ശിഖരങ്ങൾ മുറിച്ചുമാറ്റുകയും ചെലവ് ഭൂവുടമയിൽ നിന്ന് ഈടാക്കുകയും ചെയ്യണം. സ്കൂൾ കോമ്പൗണ്ടുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ കണ്ടെത്തി പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ സുരക്ഷാ നടപടികൾ പൂർത്തിയാക്കാനും, അപകടസാധ്യതയുള്ള പരസ്യബോർഡുകളും ഹോർഡിംഗുകളും നീക്കം ചെയ്യാനും ജില്ലാ കളക്ടർ നിർദേശം നൽകി.

മരങ്ങൾ പൂർണമായി മുറിച്ചുമാറ്റേ സാഹചര്യമുണ്ടെങ്കിൽ തദ്ദേശസ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, വനം വകുപ്പ് അധികൃതർ എന്നിവർ ഉൾപ്പെടുന്ന സമിതിയുടെ തീരുമാനപ്രകാരമേ നടപടി സ്വീകരിക്കാവൂ എന്നും ജില്ലാ കളക്ടർ പറഞ്ഞു.

# നേഴ്സസ് ദിനം ആഘോഷിച്ചു

**കൊച്ചി:** എറണാകുളം ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ നേഴ്സസ് ദിനാഘോഷം സംഘടിപ്പിച്ചു. ആശുപത്രി ഹാളിൽ നടന്ന ആഘോഷം എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. സതീഷ് നാരായണൻ ഉദ്ഘാടനം ചെയ്തു. ആശുപത്രി ബോർഡ് ജനറൽ സെക്രട്ടറി മനോഹർ പ്രഭു, മെഡിക്കൽ ഡയറക്ടർ ഡോ.എം.ഐ.ജുനൈദ് റഹ്മാൻ, ഡോ. രാമാനന്ദ പൈ, ചീഫ് നേഴ്സിംഗ് ഓഫിസർ റിട്ട. ലെഫ്റ്റനന്റ് കേണൽ എം.ജി മണിയമ്മ, ഡോ. ശരണ്യ തുടങ്ങിയവർ സംസാരിച്ചു.



*എറണാകുളം ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നടന്ന നേഴ്സസ് ദിനാഘോഷം എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. സതീഷ് നാരായണൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ശരണ്യ, റിട്ട. ലെഫ്റ്റനന്റ് കേണൽ എം. ജി മണിയമ്മ, ഡോ.എം.ഐ. ജുനൈദ് റഹ്മാൻ, ഡോ. രാമാനന്ദ പൈ, മനോഹർ പ്രഭു തുടങ്ങിയവർ സമീപം.*

# ക്ഷേത്രങ്ങളിലെ സ്വർണ്ണം പണമാക്കാൻ പദ്ധതിയെന്നത് അടിസ്ഥാന രഹിതം

**തിരുവനന്തപുരം:** രാജ്യത്തുടനീളം ക്ഷേത്ര ട്രസ്റ്റുകളുടെയോ മതസ്ഥാപനങ്ങളുടെയോ കൈവശമുള്ള സ്വർണം പണമാക്കുന്ന പദ്ധതി ആവിഷ്കരിക്കാൻ നീക്കമുണ്ടെന്ന തരത്തിൽ പ്രചരിക്കുന്ന ഊഹാപോഹങ്ങളും അഭ്യൂഹങ്ങളും പൂർണമായും വസ്തുതാവിരുദ്ധമാണെന്ന് കേന്ദ്ര ധനമന്ത്രാലയം വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

ക്ഷേത്രങ്ങളിലെ സ്വർണശേഖരത്തിന് പകരം, ഇന്ത്യാ ഗവണ്മെന്റ് ക്ഷേത്രങ്ങൾക്ക് സ്വർണ ബോണ്ടുകൾ നൽകാൻ പദ്ധതിയിടുന്നതായും ക്ഷേത്രങ്ങളുടെ സ്വർണശേഖരം പണമാക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന് അംഗീകാരം നൽകിയതായും അവകാശപ്പെടുന്ന തരത്തിൽ ചില മാധ്യമ റിപ്പോർട്ടുകളും സമൂഹമാധ്യമ സന്ദേശങ്ങളും പ്രചരിക്കുന്നുണ്ട്.

ക്ഷേത്ര ഗോപുരങ്ങളിലെയും വാതിലുകളിലെയും മറ്റ് ക്ഷേത്ര നിർമിതികളിലെയും സ്വർണപ്പാളികൾ 'ഇന്ത്യയുടെ തന്ത്രപ്രധാന സ്വർണശേഖര'മായി പരിഗണിക്കുമെന്ന് അവകാശപ്പെടുന്ന പ്രചാരണങ്ങളും വസ്തുതാവിരുദ്ധവും തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. ഇത്തരം അഭ്യൂഹങ്ങൾ വിശ്വസിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്നും അംഗീകൃത സംവിധാനങ്ങൾ വഴി ഔദ്യോഗികമായി നൽകുന്ന ആശയവിനിമയങ്ങളെ മാത്രം ആശ്രയിക്കാൻ പൊതുജനങ്ങളോട് അഭ്യർത്ഥിക്കുന്നു. നയപരമായ തീരുമാനങ്ങളോ സർക്കാർ പദ്ധതികളോ സംബന്ധിച്ച വിവരങ്ങളെല്ലാം ഔദ്യോഗിക വാർത്താക്കുറിപ്പുകളിലൂടെയും വെബ്സൈറ്റുകളിലൂടെയും മറ്റ് സ്ഥിരീകരിച്ച പൊതു ആശയവിനിമയ സംവിധാനങ്ങളിലൂടെയും പങ്കിടുന്നതായിരിക്കുമെന്നും ധനമന്ത്രാലയം വ്യക്തമാക്കി.

# വാക്ക്-ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിന് (ആരോഗ്യം) കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകളിലേക്ക് താത്കാലിക നിയമനം നടത്തുന്നതിനുള്ള വാക്ക്-ഇൻ ഇന്റർവ്യൂ മേയ് 29 രാവിലെ 11 ന് ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കും.

എംബിബിഎസ് യോഗ്യതയും ടി.സി.എം.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഉള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം അന്നേ ദിവസം ഹാജരാകേണ്ടതാണ്. ഫോൺ: 0484-2360802.

# സെൻസസ് 2027:

## ലക്ഷദ്വീപിൽ ആദ്യഘട്ട വിവരശേഖരണം പൂർത്തിയായി

**കവരത്തി:** സെൻസസ് 2027ന്റെ ആദ്യ ഘട്ടം ലക്ഷദ്വീപ് കേന്ദ്രഭരണ പ്രദേശത്ത് പൂർത്തിയാക്കി. 2026 ഏപ്രിൽ 16 മുതൽ മെയ് 15 വരെ ആദ്യ ഘട്ടത്തിനായുള്ള ഫീൽഡ് വർക്ക് നടത്തി. ലക്ഷദ്വീപിലെ മുഴുവൻ ഡാറ്റാ ശേഖരണവും മൊബൈൽ ആപ്ലിക്കേഷൻ വഴി ഡിജിറ്റലായി നടത്തി. ഈ ഘട്ടത്തിൽ, കെട്ടിടങ്ങളുടെയും വീടുകളുടെയും പട്ടിക തയ്യാറാക്കുന്നതിനു പുറമേ, ഗാർഹിക ആസ്തികളെയും ലഭ്യമായ സൗകര്യങ്ങളെയും കുറിച്ചുള്ള 33 പ്രധാന സൂചകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഭവന സാഹചര്യങ്ങൾ, പൗര സൗകര്യങ്ങളുടെ ലഭ്യത, ഭവന ക്ഷാമം, മനുഷ്യവാസ കേന്ദ്രങ്ങളുടെ അനുബന്ധവശങ്ങൾ എന്നിവ വിലയിരുത്താൻ ഈ ഡാറ്റ സഹായകമാകും. സെൻസസിന്റെ രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിമാർച്ച് മാസങ്ങളിൽ രാജ്യമെമ്പാടും നടത്തും. ഈ ഘട്ടത്തിൽ, വ്യക്തികളുടെ എണ്ണവും വ്യക്തിഗത വിവരങ്ങളും ശേഖരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# യുഡിഎഫ് സർക്കാർ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകണം: കെടിഎം

**കൊച്ചി:** സംസ്ഥാനത്തിന്റെ ജിഡിപിയിലും റവന്യൂ വരുമാനത്തിലും വലിയ പങ്കുവഹിക്കുന്ന ടൂറിസം മേഖലയ്ക്ക് മുഖ്യമന്ത്രി വി.ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് സർക്കാർ വലിയ പ്രാധാന്യം നൽകണമെന്ന് കെടിഎം സൊസൈറ്റി പ്രസിഡന്റ് ജോസ് പ്രദീപ് പറഞ്ഞു. ഹോട്ടലുകൾക്ക് പുറമെ ടാക്സി, ഓട്ടോറിക്ഷ തുടങ്ങി സമൂഹത്തിലെ എല്ലാവർക്കും ഗുണകരമാകുന്നതും സർക്കാരിന് വലിയൊരു നികുതി വരുമാനം നൽകുന്നതുമാണ് ടൂറിസം മേഖല.

അടിസ്ഥാന സൗകര്യ വികസനത്തിൽ റോഡുകൾ മെച്ചപ്പെടുന്നുണ്ടെങ്കിലും, വിനോദസഞ്ചാര കേന്ദ്രങ്ങളിലും മൂന്നാർ, വയനാട് പോലുള്ള സ്ഥലങ്ങളിലേക്കുള്ള യാത്രാമധ്യേയും വൃത്തിയുള്ള ടോയ്‌ലറ്റുകളുടെ അഭാവം വലിയൊരു പ്രശ്നമാണ്. ടൂറിസ്റ്റുകൾ ഇപ്പോഴും ഇതിനായി ഹോട്ടലുകളെയാണ് ആശ്രയിക്കുന്നത്. വിദേശ രാജ്യങ്ങളിലെ മാതൃകയിൽ പബ്ലിക്, പ്രൈവറ്റ് പാർട്ണർഷിപ്പ് (പിപിപി) വഴി, പെട്രോൾ പമ്പുകളോട് ചേർന്ന് സൂപ്പർമാർക്കറ്റുകളും നല്ല ശൗചാലയങ്ങളും നിർമ്മിക്കാൻ സർക്കാർ മുൻകൈ എടുക്കണം. മുസിരിസ് പൈതൃക പദ്ധതി, ജടായു എർത്ത് സെന്റർ, വടകര ക്രാഫ്റ്റ് വില്ലേജ് മാതൃകയിൽ മെഗാ ടൂറിസം പദ്ധതികൾ ജില്ലകൾ കേന്ദ്രീകരിച്ച് നടപ്പാക്കാനുള്ള സാധ്യത തേടണമെന്നും അഭ്യർഥിച്ചു. ടൂറിസം വികസനത്തിനും സ്വകാര്യ സംരംഭകർക്കും നിലവിൽ ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത് ഭൂമി തരംമാറ്റലിലെ കാലതാമസമാണെന്ന് ജോസ് പ്രദീപ് ചൂണ്ടിക്കാട്ടി. ഒരു ഹോട്ടലോ കെട്ടിടമോ പണിയാൻ അനുമതി ലഭിക്കണമെങ്കിൽ ഭൂമി തരംമാറ്റേതുണ്ട്, എന്നാൽ ഇതിനായി രണ്ടു വർഷത്തോളം സമയമെടുക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ തോതിൽ തടസ്സം നിൽക്കുന്ന ഈ ഭൂമി തരംമാറ്റൽ പ്രക്രിയ അടിയന്തരമായി സുതാര്യമാക്കണം. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും സർക്കാർ അടിയന്തരമായി പരിഗണിക്കണം. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഫോർട്ട് കൊച്ചിയിലെ ബീച്ച് നവീകരണം അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ടെന്ന് കെടിഎം സെക്രട്ടറി എസ് സ്വാമിനാഥൻ പറഞ്ഞു. മുൻപ് തീരുമാനിച്ചിരുന്ന 'ക്വീൻ ഓഫ് അറേബ്യൻ സീ' എന്ന പ്രതിമാനിർമ്മാണം, ഫോർട്ട് കൊച്ചിയിൽ നിന്നും ബോൾഗാട്ടി വരെയുള്ള കേബിൾ കാർ പദ്ധതി തുടങ്ങിയവ നടപ്പിലാക്കിയാൽ കൂടുതൽ വിനോദസഞ്ചാരികളെ എത്തിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ നിലവാരത്തകർച്ച നേരിടുന്ന കോവളം ബീച്ചും അനുബന്ധ സൗകര്യങ്ങളും മികച്ച രീതിയിൽ വികസിപ്പിക്കേണ്ടതുണ്ട്. കൂടാതെ വയനാട് ചുരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്കും ശോചനീയാവസ്ഥയും പരിഹരിക്കാൻ സർക്കാർ സത്വര നടപടിയെടുക്കുമെന്ന് വിശ്വസിക്കുന്നു. ടൂറിസത്തിനായി സർക്കാർ അനുവദിക്കുന്ന മുന്നൂറ് മുതൽ മുന്നൂറ്റി അൻപത് കോടി രൂപ വരെയുള്ള ധനസഹായത്തിൽ നാൽപത് ശതമാനം മാത്രമേ ഈ മേഖലയ്ക്കായി ചിലവാക്കുന്നുള്ളൂ എന്നത് മറ്റൊരു പ്രധാന പ്രശ്നമാണ്. ടൂറിസം ഫണ്ട് ഉപയോഗിച്ച് മറ്റ് വകുപ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവണത ഒഴിവാക്കണം. ഈ ഫണ്ട് ടൂറിസം മാർക്കറ്റിംഗിനും, രാജ്യത്തിനകത്തും ലോകമെമ്പാടുമുള്ള ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ, പാർട്ണർഷിപ്പ് മീറ്റുകൾ എന്നിവയ്ക്കും മാത്രം ഉപയോഗിച്ചാൽ ടൂറിസം വരുമാനം വർധിക്കും. സെപ്തംബറിൽ നടക്കാനിരിക്കുന്ന കേരള ട്രാവൽ മാർട്ടിന് അർഹമായ ധനസഹായവും പിന്തുണയും പുതിയ സർക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്നതായും കെടിഎം ഭാരവാഹികൾ അറിയിച്ചു

KERALA TRAVEL MART

# ബജാജ് ജനറൽ ഇൻഷുറൻസ് പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു




**കൊച്ചി:** ബജാജ് ജനറൽ ഇൻഷുറൻസ് എംഎച്ച്സിപി എഡ്ജ്+' എന്ന പുതിയ തലമുറ ഹെൽത്ത് ഇൻഡെംനിറ്റി ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു. 5 ലക്ഷം മുതൽ 5 കോടി വരെ സം ഇൻഷ്വ്യൂർഡ് ഓപ്ഷനുകളോടെ കൂടുതൽ സൗകര്യപ്രദവും വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കാവുന്നതുമായ ആരോഗ്യ പരിരക്ഷയാണ് പദ്ധതി നൽകുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.ഒരു പോളിസി വർഷത്തിനുള്ളിൽ അനിയന്ത്രിതമായ സം ഇൻഷ്വ്യൂർഡ് പുനഃസ്ഥാപനം, വിദേശ ചികിത്സാ സൗകര്യങ്ങൾ, കൺസ്യൂമബിൾസ് ഉൾപ്പെടെയുള്ള ചികിത്സാചെലവുകളുടെ കവറേജ്, ആധുനിക ചികിത്സാ സംവിധാനങ്ങൾ, വെൽനെസ് ആനുകൂല്യങ്ങൾ എന്നിവ പദ്ധതിയുടെ പ്രധാന സവിശേഷതകളാണ്. ക്ലെയിം വരുന്നതുവരെ പ്രീമിയം എൻട്രി പ്രായത്തിൽ തന്നെ സ്ഥിരപ്പെടുത്തുന്ന 'ഏജ് ഷിൽഡ്' ഫീച്ചറും, പോളിസി കാലയളവിലുടനീളം സം ഇൻഷ്വ്യൂർഡ് ഒന്നിച്ച് ഉപയോഗിക്കാനാകുന്ന 'സ്മാർട്ട് ടെനൂർ ' സംവിധാനവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു്. ആരോഗ്യപരിചരണ ചെലവുകൾ ഉയരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾ പരിഗണിച്ചാണ് പദ്ധതി രൂപകൽപ്പന ചെയ്തതെന്ന് കമ്പനി അറിയിച്ചു.

# വാഷിംഗ്ടൺ പോസ്റ്റിന്റെ ആഗോള എ. ഐ കൗൺസിലിലേക്ക് അദീബ് അഹമ്മദ്



**കൊച്ചി:** പ്രമുഖ ആഗോള മാധ്യമമായ ദി വാഷിംഗ്ടൺ പോസ്റ്റിന്റെ ഉപദേശക വിഭാഗമായ 'വാഷിംഗ്ടൺ പോസ്റ്റ് ഇന്റലിജൻസ്', തങ്ങളുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് ടെക്നോളജി കൗൺസിലിലേക്ക് ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദിനെ തിരഞ്ഞെടുത്തു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ), ഡിജിറ്റൽ പരിവർത്തനം എന്നിവയിലൂടെ ആഗോള നയരൂപീകരണത്തിനും വ്യവസായ നവീകരണത്തിനുമായി അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന പ്രമുഖരുടെ കൂട്ടായ്മയാണിത്. ലോകമെമ്പാടുമുള്ള പ്രമുഖ ബിസിനസ്സ് മേധാവികളും സാങ്കേതിക വിദഗ്ധരുമാണ് ഈ കൗൺസിലിൽ ഉള്ളത്. ഗൾഫ് മേഖലയിൽ നിന്ന് ഈ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യത്തെ ബിസിനസ്സ് നേതാക്കളിൽ ഒരാളാണ് അദീബ് അഹമ്മദ്. എ.ഐ, ഫിൻടെക് എന്നിവയുടെ ആഗോള കേന്ദ്രമായി അതിവേഗം വളരുന്ന ഗൾഫ് രാജ്യങ്ങളുടെ കാഴ്ചപ്പാടുകളും അനുഭവങ്ങളും അന്താരാഷ്ട്ര തലത്തിൽ പങ്കുവെക്കാൻ അദ്ദേഹത്തിന്റെ പങ്കാളിത്തം സഹായിക്കും.

# 2173 കോടി രൂപ ബോണസ് പ്രഖ്യാപിച്ച് ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിൽ ഒന്നായ ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് പങ്കാളിത്ത പോളിസി ഉടമകൾക്ക് 2173 കോടി രൂപ ബോണസ് പ്രഖ്യാപിച്ചു. 2026 മാർച്ച് 31ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തേക്കായി പ്രഖ്യാപിച്ച ഈ ബോണസ് മുൻ വർഷത്തെ അപേക്ഷിച്ച് 18 ശതമാനം വർധനവാണു സൂചിപ്പിക്കുന്നത്.

8.74 ലക്ഷം പോളിസി ഉടമകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന് ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് അപ്പോയ്ന്റഡ് ആക്ചുറി ക്ഷിതിജ് ശർമ്മ പറഞ്ഞു. പങ്കാളിത്ത ഇൻഷുറൻസ് പദ്ധതികൾക്കൊപ്പം ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് സ്മാർട്ട് വാല്യു ഇൻകം പദ്ധതി, ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് ശുഭ് ഫ്ളെക്സി ഇൻകം പ്ലാൻ, ടാറ്റ എഐഎ ശുഭ് മഹാ പ്ലാൻ, ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് ഡയമ് സേവിങ്സ് പ്ലാൻ, ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് വാല്യൂ ഇൻകം പ്ലാൻ തുടങ്ങിയവയ്ക്കും ബോണസ് ലഭ്യമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# ഓപ്റ്റിക്കൽ അസോസിയേഷൻ ജില്ലാ സമ്മേളനം 24ന്

**കൊച്ചി:** ആൾ കേരള ഓപ്റ്റിക്കൽ അസോസിയേഷൻ എറണാകുളം ജില്ല ത്രൈവാർഷിക സമ്മേളനവും 2026-29 കാലത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും കുടുംബ സംഗമവും 24ന് രാവിലെ പത്തരയ്ക്ക് ചിറ്റൂർ റോഡ് സെമിത്തേരി മുക്ക് ജംഗ്ഷൻ കാർമ്മൽ ഹാളിൽ നടക്കും. കൊച്ചി മേയർ അഡ്വ. വി കെ മിനിമോൾ ഉദ്ഘാടനം ചെയ്യും. ബോച്ചെ ആർ എക്സ് ലെൻസ് ചെയർമാൻ ബോബി ചെമ്മണ്ണൂർ മുഖ്യപ്രഭാഷണം നടത്തും.

സമ്മേളനത്തിൽ 60 വയസ്സുകഴിഞ്ഞ അംഗങ്ങളെ ആദരിക്കൽ, ആറു ലക്ഷം രൂപയുടെ വെൽഫെയർ ഫണ്ട് വിതരണം, എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി, പി ജി, പി എച്ച് ഡി പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിക്കൽ തുടങ്ങിയവ നടക്കും.

സമ്മേളനത്തിൽ ജില്ലാ സംസ്ഥാന നേതാക്കൾ പങ്കെടുക്കും. കൂടാതെ കണ്ണട വ്യാപാരികൾക്ക് ആവശ്യമുള്ള ലെൻസുകളുടേയും ഫ്രെയിമുകളുടേയും മറ്റു ഉപകരണങ്ങളോടെയും സ്റ്റാളുകളും ഇതോടൊപ്പം ഒരുക്കും.

# സൗരഭ് വിജയ് യു ഐ ഡി എ ഐ സി.ഇ.ഒ

**ന്യൂഡൽഹി:** യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ (UIDAI) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി മഹാരാഷ്ട്ര കേഡർ 1998 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനായ സൗരഭ് വിജയ് ചുമതലയേറ്റു.

ഐഐടി ഡൽഹിയിൽ നിന്ന് സിവിൽ എഞ്ചിനീയറിങ് പൂർത്തിയാക്കിയ അദ്ദേഹം, മഹാരാഷ്ട്ര സർക്കാരിലും ഇന്ത്യാ ഗവണ്മെന്റിനു കീഴിലും നിരവധി സ്ഥാനങ്ങൾ വഹിച്ചിരുന്നു. യു ഐ ഡി എ ഐ യിൽ ചേരുന്നതിന് മുമ്പ്, മഹാരാഷ്ട്ര സർക്കാരിന്റെ ധനകാര്യ വകുപ്പിൽ പ്രിൻസിപ്പൽ സെക്രട്ടറി (എക്സ്പെൻഡിച്ചർ) ആയി ചുമതല വഹിച്ചു.

മഹാരാഷ്ട്ര പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷണർ പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ സെക്രട്ടറി, ഉന്നത, സാങ്കേതിക വിദ്യാഭ്യാസ സെക്രട്ടറി തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ മുൻകാല നിയമനങ്ങൾ. ന്യൂഡൽഹിയിലെ പ്രസിഡന്റ്സ് സെക്രട്ടേറിയറ്റിൽ ഡയറക്ടർ, ലോക ബാങ്കിൽ ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, ശ്രീലങ്ക എന്നിവയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉപദേഷ്ടാവ് തുടങ്ങിയ സുപ്രധാന ദേശീയ, അന്തർദേശീയ റോളുകളിലും അദ്ദേഹം കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# പ്രവാസികളുടെ മാമ്പഴക്കാലം ആഘോഷം; ചാർട്ടേഡ് വിമാനങ്ങളിൽ മാമ്പഴങ്ങൾ എത്തിക്കാൻ ലുലു

**കൊച്ചി:** ഗൾഫിലെ ലുലു സ്റ്റോറുകളിൽ മെയ് 21 ന് ആരംഭിക്കുന്ന മാമ്പഴ ഫെസ്റ്റിനെ വരവേൽക്കാൻ കൊച്ചിയിൽ നിന്ന് ടൺ കണക്കിന് മാമ്പഴങ്ങളുമായി പ്രത്യേക വിമാന സർവീസുകൾ ആരംഭിച്ചു. പ്രത്യേക വിമാനങ്ങളിൽ 200 ടണ്ണിലധികം മാമ്പഴങ്ങളാണ് ഗൾഫിലേക്ക് എത്തിക്കുന്നത്. നാഷണൽ എയർവേസിന്റെ കാർഗോ വിമാനത്തിലാണ് മാമ്പഴങ്ങൾ ജി.സി.സി രാജ്യങ്ങളിലേക്ക് എത്തിക്കുന്നത്. കഴിഞ്ഞ ദിവസം 100 ടൺ മാമ്പഴങ്ങളുമായി വിമാനം പറന്നു. മെയ് 20ന് 100 ടൺ മാമ്പഴം കൂടി കാർഗോ സർവീസുകളിലൂടെ പ്രവാസ ലോകത്തേക്ക് എത്തും. ദിവസേന സർവീസ് നടത്തുന്ന യാത്രാ വിമാനങ്ങളിൽ കേരളത്തിൽ നിന്നുള്ള മാമ്പഴം, പച്ചക്കറികൾ എന്നിവ ലുലു പ്രത്യേകം എത്തിക്കുന്നതിന് പുറമേയാണിത്. ലുലു മാങ്കോ ഫെസ്റ്റിന്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള നാടൻ മാമ്പഴങ്ങളുടെ അടക്കം ലഭ്യത ഉറപ്പാക്കുകയാണ് ലുലു ലക്ഷ്യമിടുന്നത്. ഹിമ പസന്ത്, ചക്കരഗുണ്ട്, മല്ലിക, നീലം, മൽഗോവ, പ്രിയൂർ തുടങ്ങി 40 ലധികം വൈവിധ്യമാർന്ന മാമ്പഴങ്ങളാണ് കൊച്ചിയിൽ നിന്ന് ജി.സി.സി രാജ്യങ്ങളിലേക്ക് എത്തിക്കുന്നത്. ലോകത്തിലെ 100 ലധികം മാമ്പഴങ്ങളുടെ വകഭേദങ്ങളെ പ്രദർശിപ്പിക്കുന്ന മാമ്പഴ ഫെസ്റ്റാണ് ഗൾഫിലെ ലുലു സ്റ്റോറുകളിൽ മെയ് 21 മുതൽ ആരംഭിക്കുക. മാമ്പഴം എത്തിക്കുന്നത് പോലെ തന്നെ മറ്റ് പഴങ്ങളുടെയും പച്ചക്കറിയുടേയും സുഗമമായ ലഭ്യത ലുലു ഉറപ്പാക്കുന്നുണ്ട്.



*ജി.സി.സിയിലെ ലുലു സ്റ്റോറുകളിലേക്ക് മാമ്പഴം എത്തിക്കാനായി നാഷണൽ എയർവേഴിസ്ന്റെ കാർഗോ വിമാനം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ.*

# ബിസിനസുകളെ പ്രോത്സാഹിപ്പിക്കുകയും സുതാര്യത ഉറപ്പാക്കുകയും വേണം




**കൊച്ചി:** ദി ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് ഗോകുലം കൺവെൻഷൻ സെന്ററിൽ കമ്പനീസ് ആക്ട് 2013 ഏകദിന സെമിനാർ നടത്തി. കേരള ആന്റ് ലക്ഷദ്വീപ് റജിസ്ട്രാർ ഓഫ് കമ്പനീസ് അനു വിവേക് മുഖ്യാതിഥിയായിരുന്നു. കോർപ്പറേറ്റ് നിയന്ത്രണങ്ങളിലെ പരിവർത്തനഘട്ടത്തിലൂടെ കടന്നു പോകുന്ന ഇന്ത്യയിൽ സത്യസന്ധമായ ബിസിനസുകളെ പ്രോത്സാഹിപ്പിക്കുകയും സംരംഭകത്വത്തെ പിന്തുണക്കുകയും ചെയ്യുന്നതിനൊപ്പം സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇന്നത്തെ വ്യക്തമായ സമീപനമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അനു വിവേക് പറഞ്ഞു. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ കോർപ്പറേറ്റ് നിയന്ത്രണങ്ങളിൽ നിരവധി മാറ്റങ്ങളുായി.

ബിസിനസ് നടത്താനുള്ള സൗകര്യവും ഉത്തരവാദിത്തവും തമ്മിൽ സമതുലിതാവസ്ഥ സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നതായി കാണാമെന്നും കഴിഞ്ഞ കുറച്ച് ആഴ്ചകളിൽ തന്നെ കമ്പനീസ് ആക്ട്, ഇൻസോൾവൻസി സംവിധാനങ്ങൾ എന്നിവയിൽ നിരവധി ഭേദഗതികൾ വന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ നിരവധി പുതിയ നടപടികൾ നിയമപുസ്തകത്തിൽ ഉൾപ്പെടുത്തിയതായും അനു വിവേക് ചൂണ്ടിക്കാട്ടി.

ഐ സി എ ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ ജോബി ജോർജ്ജ്, സെക്രട്ടറി പ്രതീഷ് പോൾ എം സംസാരിച്ചു. ടെക്നിക്കൽ സെഷനിൽ ബിയോ് ദി ബാലൻസ് ഷീറ്റ് എന്ന വിഷയത്തിൽ ജി രംഗരാജൻ, ദി കമ്പനീസ് ആക്ട് 2013 അക്കൗണ്ടസ് ആന്റ് ഓഡിറ്റിൽ എസ് ഐ ആർ സി മുൻ ചെയർമാൻ ജോമോൻ കെ ജോർജ്ജ്, ഗവേണൻസ് ആന്റ് മോണിറ്ററിംഗ് വിത്ത് റഫറൻസ് ടു സെബിയിൽ ഐ സി എ ഐ സെൻട്രൽ കൗൺസിൽ അംഗം അർപിത് ജഗ്ദീഷ് കാബ്ര, സി സി എഫ് എസ് 2026 ആന്റ് കോർപറേറ്റ് കോംപ്ലിയൻസ് എസൻഷ്യലിൽ സോണി സി എൽ എന്നിവർ സംസാരിച്ചു.

# ഇലക്ട്രോണിക് ഗോൾഡ് റെസീപ്റ്റ് ട്രേഡിംഗ് ആരംഭിച്ച് എൻഎസ്ഇ

**കൊച്ചി:** ഓഹരി വിപണിയായ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ (എൻഎസ്ഇ) ഇനിമുതൽ ഇലക്ട്രോണിക് ഗോൾഡ് റെസീപ്റ്റ് മുഖേന ട്രേഡിംഗ് നടത്താം. ഇതുസംബന്ധിച്ച മുഴുവൻ നടപടിക്രമങ്ങളും പൂർത്തീകരിച്ചതായി എൻഎസ്ഇ അറിയിച്ചു. ഡിജിറ്റലായി സ്വർണ നിക്ഷേപം നടത്തിയതിന്റെ രേഖയാണ് ഇലക്ട്രോണിക് ഗോൾഡ് റെസീപ്റ്റ്. കഴിഞ്ഞ ശനിയാഴ്ച ഇലക്ട്രോണിക് ഗോൾഡ് റെസീപ്റ്റ് മുഖേനയുള്ള പരീക്ഷണ വ്യാപാരം (മോക് ട്രേഡിംഗ്) വിജയകരമായിരുന്നു. നിക്ഷേപകർക്കിടയിൽ സ്വീകാര്യത ലഭിച്ചതിനെത്തുടർന്ന് മെയ് 18 മുതൽ വ്യാപാരത്തിന് തുടക്കമിട്ടു. സ്വർണ നിക്ഷേപങ്ങൾ ഡിജിറ്റലായി നടത്തുന്നവർക്ക് ഉപകാരപ്രദമായ ട്രേഡിംഗ് രീതിയാണിത്. സ്റ്റോക്ക്, ബോണ്ട് എന്നിവപോലെ എളുപ്പത്തിൽ വ്യാപാരം നടത്താമെന്നതാണ് പ്രത്യേകത. ഡിജിറ്റലായി നിക്ഷേപിച്ച സ്വർണത്തിന് തത്തുല്യമായ യഥാർത്ഥ സ്വർണം, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) നിയന്ത്രണത്തിൽ അഹമ്മദാബാദ്, മുംബൈ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വാൾട്ടിങ് ആൻഡ് കളക്ഷൻ സെന്ററുകളിൽ സൂക്ഷിക്കും. ഡൽഹി, കൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലും സെന്ററുകൾ പ്രവർത്തനസജ്ജമാണ്. ഡിജിറ്റൽ ഗോൾഡ് റെസീപ്റ്റ് മുഖേനയുള്ള വ്യാപാരം വർധിക്കുമെന്നതിനാൽ രാജ്യമൊട്ടാകെ 120 ഇടങ്ങളിലേക്ക് വാൾട്ടിങ് ആൻഡ് കളക്ഷൻ സെന്ററുകൾ വിപുലീകരിക്കുമെന്ന് എൻഎസ്ഇ അറിയിച്ചു.

# പ്രീമിയം സേവനങ്ങളുമായി ബന്ധൻ ബാങ്ക്


**കൊച്ചി :** ബന്ധൻ ബാങ്ക് എൻആർഐ ഉപഭോക്താക്കൾക്കായി പുതിയ പ്രീമിയം സേവിംഗ്സ് അക്കൗണ്ടുകൾ അവതരിപ്പിച്ചു. എലൈറ്റ്, എലൈറ്റ് പ്ലസ്, ലെഗസി എന്നീ അക്കൗണ്ടുകളാണ് ബാങ്ക് പുറത്തിറക്കിയത്. പരിധിയില്ലാത്ത സൗജന്യ ഇടപാടുകൾ, എയർപോർട്ട് ലോഞ്ച് ആക്സസ്, സിനിമ ടിക്കറ്റുകൾ, ഗോൾഫ് സെഷനുകൾ, ലോക്കർ ഇളവ്, സീറോ ഫോറക്സ് മാർക്കപ്പ് തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ ഈ അക്കൗണ്ടുകൾ വഴി ലഭിക്കുമെന്ന് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും ചീഫ് ബിസിനസ് ഓഫീസറുമായ രാജേന്ദർ കുമാർ ബബ്ബർ പറഞ്ഞു. പ്രീമിയം ഡെബിറ്റ് കാർഡുകൾ, റിവാർഡ് പോയിന്റുകൾ, ലൈഫ്സ്റ്റൈൽ വൗച്ചറുകൾ, ഇൻഷുറൻസ് പരിരക്ഷ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലെഗസി അക്കൗണ്ടിൽ ആഭ്യന്തരവും അന്താരാഷ്ട്രവുമായ എയർപോർട്ട് ലോഞ്ച് സൗകര്യങ്ങളും ലഭിക്കും. പുതിയ സേവനങ്ങൾ എൻആർഐ ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

# മികച്ച മുന്നേറ്റം നടത്തി മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (മുത്തൂറ്റ് ബ്ലൂ) ധനകാര്യ സേവന സ്ഥാപനമായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് (എംഎഫ്എൽ) 1.68 ലക്ഷം കോടി രൂപയുടെ സംയോജിത വായ്പാ വിതരണമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തി 73,448.82 കോടി രൂപയും, സംയോജിത അറ്റാദായം 1,847.62 കോടി രൂപയും രേഖപ്പെടുത്തി. ഇക്കാലയളവിലെ സംയോജിത വരുമാനം 11,227.80 കോടി രൂപയാണ്. 2026 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം കമ്പനി തനിച്ച് കൈകാര്യം ചെയ്യുന്ന ആസ്തി 56,185.10 കോടി രൂപയും, അറ്റാദായം 1,640.21 കോടി രൂപയും രേഖപ്പെടുത്തി. ഇക്കാലയളവിലെ വരുമാനം 8,364.28 കോടി രൂപയാണ്. 2025-26 സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിൽ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ശക്തമായ മുന്നേറ്റം തുടർന്നു. ഇക്കാലയളവിൽ കമ്പനിയുടെ സംയോജിത അറ്റാദായം 664.03 കോടി രൂപയും, വരുമാനം 3,355.97 രൂപയും രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ കാലയളവിനെ അപേക്ഷിച്ച് വരുമാനം വാർഷികാടിസ്ഥാനത്തിൽ 31.91 ശതമാനവും, അറ്റാദായം 203.89 ശതമാനവും വർധിച്ചു.2025-26 സാമ്പത്തിക വർഷത്തിലെ മികച്ച പ്രകടനം രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്കും കുടുംബങ്ങൾക്കും തങ്ങളിലുള്ള ആഴമേറിയ വിശ്വാസത്തിന്റെയും, അവർക്ക് ദിവസേന സേവനം നൽകുന്ന മുത്തൂറ്റിലെ ജീവനക്കാരുടെ പ്രതിബദ്ധതയുടെയും തെളിവാണെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

# അറബിക്കടലിലെ കൂന്തലുകളുടെ പ്രത്യുൽപാദന രീതികൾ വെളിപ്പെടുത്തി സിഎംഎഫ്ആർഐ പഠനം



**കൊച്ചി:** കേരള തീരത്തോട് ചേർന്ന് വ്യാപകമായി കാണപ്പെടുന്ന കൂന്തലുകളുടെ (ഇന്ത്യൻ സ്‌ക്വിഡ് യുറോറ്റിയൂത്തിയസ് ഡുവോസെലി) വിചിത്രവും സങ്കീർണ്ണവുമായ പ്രത്യുൽപാദന രീതികൾ വെളിപ്പെടുത്തി സിഎംഎഫ്ആർഐ പഠനം.

കൂട്ടത്തോടെയുള്ള പ്രജനനം, സ്വവർഗ ഇണചേരൽ, ഒരേ സമയം ഒന്നിലധികം പങ്കാളികളുമായുള്ള ഇണചേരൽ എന്നിവ ഈ കൂന്തലുകളിൽ സാധാരമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ പഠനത്തിൽ കണ്ടെത്തി. കുറഞ്ഞ പ്രായത്തിലുള്ള പ്രജനനം, ഒന്നിലധികം തവണകളായുള്ള ഇണചേരൽ, ബീജസംഭരണം എന്നിവയുൾപ്പെടെയുള്ള സവിശേഷതകൾ ഈ കൂന്തലുകൾക്കുള്ളതായി കണ്ടെത്തി. സിഎംഎഫ്ആർഐയിലെ ഷെൽഫിഷ് ഫിഷറീസ് ഡിവിഷനിലെ ഡോ ഗീത ശശികുമാർ, ഡോ കെ കെ സജികുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പഠനം. കൊച്ചി തീരത്തോട് ചേർന്നുള്ള മേഖലയിൽ നിന്ന് ശേഖരിച്ച കൂന്തലുകളിലാണ് പഠനം നടത്തിയത്. വർഷത്തിൽ എല്ലാ മാസവും ഇണചേരുമെങ്കിലും ഒക്ടോബറിലാണ് ഏറ്റവും കൂടുതലായി നടക്കുന്നത്. ആറ് മാസം ആയുസ്സുള്ള ഇവ മൂന്ന് മാസം മുതൽ ഇണചേരാൻ തുടങ്ങും. ഗവേഷണത്തിന്റെ ഭാഗമായി പരിശോധിച്ച 232 പെൺകൂന്തലുകളിൽ 40 ശതമാനത്തിന്റെയും ശരീരത്തിൽ ബീജനിക്ഷേപം കണ്ടെത്തി. മിക്കവയിലും ഉയർന്ന തോതിലുള്ള ബീജനിക്ഷേപമുള്ളതിനാൽ മുട്ടയിടുന്നതിന് മുൻപ് ഇവ ഒന്നിലധികം ആൺകൂന്തലുകളുമായി ഇണചേരുന്നു എന്ന വ്യക്തമായി. മാത്രമല്ല, ഇത്തരം ബീജനിക്ഷേപം ആൺകൂന്തലുകളുടെ ശരീരത്തിലും കണ്ടെത്തിയതോടെ ഇവ സ്വവർഗ ഇണചേരൽ നടത്തുന്നതായും തെളിഞ്ഞു. മുമ്പ്, ഇന്ത്യക്ക് പുറത്ത് ആഴക്കടൽ കൂന്തലുകളിൽ ഇത്തരം സ്വവർഗ്ഗ ലൈംഗിക പെരുമാറ്റം രേഖപ്പെടുത്തിയിട്ടുണ്ട്. ആഴക്കടലിലെ വെളിച്ചമില്ലായ്മയാകാം ഇതിന് കാരണമാകുന്നതെന്നായിരുന്നു ശാസ്ത്രജ്ഞരുടെ നിഗമനം. സമാനമായ പെരുമാറ്റം ഡോൾഫിനുകളിലും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ, തീരക്കടൽ കൂന്തൽ ഇനത്തിൽ ഇത്തരം പെരുമാറ്റം കണ്ടെത്തുന്നത് ഇതാദ്യമായാണ്. രാജ്യാന്തര ശാസ്ത്ര ജേണലായ 'ജേണൽ ഓഫ് നാച്ചുറൽ ഹിസ്റ്ററി'യിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ഏറ്റവും മൂല്യമേറിയ സമുദ്രവിഭവങ്ങളിലൊന്നായ കൂന്തലുകളുടെപ്രജനന വ്യവസ്ഥയെക്കുറിച്ചുള്ള ഈ കണ്ടെത്തൽ മത്സ്യലഭ്യത വിലയിരുത്തുന്നതിനും, ഫലപ്രദമായ സംരക്ഷണ പരിപാലന മാർഗ്ഗങ്ങൾ രൂപീകരിക്കുന്നതിനും ഏറെ സഹായകരമാകും. കൂന്തൽ പ്രജനന ചക്രത്തെക്കുറിച്ച് കൂടുതൽ വ്യക്തത വരാൻ ഇവയുടെ പെരുമാറ്റത്തെയും ശരീരശാസ്ത്രത്തെയും കുറിച്ച് വിശദമായ പഠനങ്ങൾ ആവശ്യമാണെന്നും സിഎംഎഫ്ആർഐ ഗവേഷകർ പറഞ്ഞു.



# ലുലു ഫാഷൻ വീക്ക് നാളെ മുതൽ




**കൊച്ചി:** ലുലു ഫാഷൻ വീക്ക് പത്താമത് എഡിഷന് മെയ് 21ന് തുടക്കമാകും. നാല് ദിവസം നീണ്ട് നിൽക്കുന്ന അന്താരാഷ്ട്ര ബ്രാൻഡുകൾ അണി നിരക്കുന്ന ഈ വർഷത്തെ ലുലു ഫാഷൻ വീക്ക് അവതരിപ്പിക്കുന്നത് ബ്ലാക്ക് ബെറിയാണ്. ലുലു ഫാഷൻ വീക്കിന്റെ ഗ്രാൻഡ് ലോഞ്ച് നടിയും മോഡലുമായ ദീപ്തി സതി നിർവഹിച്ചു. കൊച്ചി ലുലു മാൾ ജനറൽ മാനേജർ വിഷ്ണു ആർ നാഥ്, ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ബയിങ് മാനേജർ സന്തോഷ് കൊട്ടാരത്തിൽ , ലുലു ഹൈപ്പർ മാർക്കറ്റ് ഡെപ്യൂട്ടി ജനറൽ മാനേജർ ജയേഷ് നായർ , ലുലു റീട്ടെയിൽ ബയിങ് മാനേജർ രതീഷ് ടി.വി, ലേഡീസ് വെയർ സെൻട്രൽ ബയർ നാൻസി തുടങ്ങിയവർ പങ്കെടുത്തു.

ഇന്ത്യയിലെ പ്രമുഖരമായ ഫാഷൻ ഡിസൈനർമാരും മോഡലുകളും അണിനിരക്കുന്ന ലുലു ഫാഷൻ വീക്കിന്റെ ഷോ ഡയറക്ടറാകുന്നത് ഫഹീം രാജയാണ്. 20ലധികം അന്താരാഷ്ട്ര മോഡലുകൾക്കൊപ്പം രാജ്യത്തെ മുൻനിര സെലിബ്രിറ്റികളും, രാജ്യാന്തര മോഡലുകളും, സിനിമാ മിനി സ്ക്രീൻ താരങ്ങളും, ഇൻഫൽവൻസേഴ്സും ഷോ സ്റ്റോപ്പേഴ്സാകും.

ലോകോത്തര ബ്രാൻഡുകളുടെ ആകർഷകമായ ഏറ്റവും പുതിയ സ്പ്രിങ് സമ്മർ കളക്ഷനുകൾ പ്രദർശിപ്പിച്ചുകൊണ്ട് നിരവധി ഫാഷൻ ഷോകളാണ് അരങ്ങേറുക. ഏറ്റവും പുതിയ പതിപ്പുകൾ ഷോയിൽ അവതരിപ്പിക്കും. ആഗോള ബ്രാൻുകൾ ഷോയിൽ മുഖ്യ ഭാഗമാകും.

ഫാഷൻ, എന്റർടെയ്ൻമെന്റ്, റീട്ടെയ്ൽ മേഖലകളിൽ നിന്നുള്ള നിരവധി പ്രമുഖരും ഷോയിൽ പങ്കാളിയാകും. ഫാഷൻ രംഗത്തെ ആകർഷകമായ സംഭാവനകൾ മുൻനിർത്തി ഫാഷൻ ടൈറ്റിലുകളും, മികച്ച വസ്ത്ര ബ്രാൻഡുകൾക്ക്എക്സ്ക്ലൂസിവ് ഫാഷൻ അവാർഡും സമ്മാനിക്കും. പുരസ്കാര ദാനത്തോടെ മെയ് 24ന് ഫാഷൻ വീക്ക് സമാപിക്കും.

